**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 101** **16-09-2025-ൽ മറുപടിയ്ക്ക്**

**<u>പോലീസ് കസ്റ്റഡിയിൽ മർദ്ദിച്ചത് സംബന്ധിച്ച സിസിടിവി ദൃശ്യങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** പ്രമുഖ രാഷ്ട്രീയപാർട്ടിയുടെ യുവജനസംഘടനാ പ്രസിഡന്റിനെ 2023-ൽ കുന്നംകുളം പോലീസ്, കസ്റ്റഡിയിൽ മർദ്ദിച്ചതു സംബന്ധിച്ച സി.സി.ടി.വി. ദൃശ്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ആഭ്യന്തരവകുപ്പിന് എത്ര വിവരാവകാശ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഓരോ അപേക്ഷയിലും നൽകിയ മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ആഭ്യന്തര വകുപ്പിന് വിവരാവകാശ അപേക്ഷകൾ ലഭിച്ചിട്ടില്ല. കുന്നംകുളം പോലീസ് സ്റ്റേഷനിലും തൃശ്ശൂർ സിറ്റി പോലീസ് ഓഫീസിലുമായി 3 വിവരാവകാശ അപേക്ഷകളും 2 അപ്പീൽ അപേക്ഷകളും ലഭിച്ചിരുന്നു. മറുപടിയുടെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു.

**(ബി)** പോലീസ് സ്റ്റേഷനുകളിലെ സി.സി.ടി.വി. ദൃശ്യങ്ങൾ ഏതെങ്കിലും തരത്തിലുള്ള രഹസ്യരേഖയായി വിവരാവകാശ നിയമപ്രകാരം വർഗ്ഗീകരിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഏത് സാഹചര്യത്തിലാണ് പ്രസ്തുത അപേക്ഷകൾ പ്രകാരം ദൃശ്യങ്ങൾ നൽകാതിരുന്നതെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ ബന്ധപ്പെട്ട സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരിൽ നിന്ന് വിശദീകരണം തേടിയിട്ടുണ്ടോ; വ്യക്തമാക്കുമോ ;

**<u>മറുപടി:</u>** CCTV ദൃശ്യങ്ങളുടെ പകർപ്പിൽ POCSO Act പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളിലെ അതിജീവിതയുടെ വിവരങ്ങളും, ദൃശ്യങ്ങളും പുറത്ത് പോവുന്നതിന് ഇടയാക്കും എന്ന് ബോധ്യപ്പെട്ടാൽ POCSO നിയമത്തിന്റെ 23, 24(5) വകുപ്പുകളുടെ ലംഘനമാകുമെന്ന കാരണത്താൽ നിഷേധിച്ച അപേക്ഷയിന്മേൽ സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ നൽകിയ അപ്പീൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ 05.08.2025 തീയതി RTI Act 8(b) (g) (j) പ്രകാരം ഒഴിവാക്കേണ്ട ദൃശ്യങ്ങൾ ഒഴിവാക്കി ബാക്കി ദൃശ്യങ്ങൾ അപേക്ഷകന് നൽകുന്നതിന് കമ്മീഷൻ ഉത്തരവായിട്ടുള്ളതും, ആയത് പ്രകാരം 02.09.2025 തീയതി അപേക്ഷകന് ദൃശ്യങ്ങൾ കൈമാറിയിട്ടുള്ളതുമാണ്.

**(സി)** പ്രസ്തുത കസ്റ്റഡി മർദ്ദനവുമായി ബന്ധപ്പെട്ട ആഭ്യന്തര അന്വേഷണ റിപ്പോർട്ടിൽ മർദ്ദനത്തിന്റെ ദൃശ്യങ്ങൾ സി.സി.ടി.വി.യിൽ ഉള്ളതായി വ്യക്തമാക്കിയിട്ടുണ്ടോ; പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

**<u>മറുപടി:</u>** പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു.

**(ഡി)** ആഭ്യന്തരവകുപ്പിൽ ലഭ്യമായ വിവരം വിവരാവകാശ നിയമപ്രകാരം നൽകാതിരുന്ന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

**<u>മറുപടി:</u>** ആഭ്യന്തര വകുപ്പിൽ വിവരാവകാശ അപേക്ഷകൾ ലഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**

അനുബന്ധം (1)

No.21/RTI/KKM/2023-24

കുന്നംകുളം പോലീസ് സ്റ്റേഷൻ,
കുന്നംകുളം, പിൻ 680503 തീയതി 07.05-2023
ഫോൺ 04885 222211
ഇ.മെയിൽ siknklmtsrrl.pol@kerala.gov.in

പ്രേഷകൻ,

സ്റ്റേഷൻ ഹൗസ് ഓഫീസർ
കുന്നംകുളം പോലീസ് സ്റ്റേഷൻ

സ്വീകർത്താവ്,

സുജിത്ത് വി.എസ്,
വലിയപ്പറമ്പിൽ വീട്,
കാണിപ്പയ്യൂർ. 9847340503

സർ,

വിഷയം : വിവരാവകാശ നിയമം 2005 പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന : വിവരാവകാശ നിയമപ്രകാരം ലഭിച്ച താങ്കളുടെ അപേക്ഷ

താങ്കൾ വിവരാവകാശ പ്രകാരം നേരിട്ട് കുന്നംകുളം പോലീസ് സ്റ്റേഷനിൽ അപേക്ഷ സമർപ്പിച്ചത് നമ്പർ 21/RTI/KKM/23-24 പ്രകാരം ഈ ഓഫീസിൽ സ്വീകരിച്ചിട്ടുള്ളതാണ്. അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്കുള്ള മറുപടി താഴെ ചേർക്കുന്നു

കുന്നംകുളം പോലീസ് സ്റ്റേഷനിൽ 05.04.2023 തിയ്യതി 23.52 മണിക്ക് Cr. 430/2023 u/s 8 r/w 7 of Protection of Children from Sexual Offence Act-2012 കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. താങ്കൾ ആവശ്യപ്പെട്ട സമയത്തെ സി.സി.ടി.വി ദൃശ്യങ്ങൾ നൽകുന്ന പക്ഷം ടി കേസിന്റെ വിവരങ്ങൾ പുറത്ത് പോകുന്നതിന് ഇടയാക്കുമെന്നതിനാലും, ആയത് മേൽ നിയമത്തിന്റെ ലംഘനമാകുമെന്നതിനാലും Right To Information Act-2005 Section 8, 9, 12 എന്നീ വകുപ്പുകൾ പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ അനുവദിക്കുന്നതിന് സാധിക്കുന്നതല്ല എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

ഈ മറുപടിയിൽ താങ്കൾക്ക് എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അപ്പീൽ അധികാരിയായ കുന്നംകുളം സബ് ഡിവിഷണൽ ഓഫീസർക്ക് (PH NO 04885212100) 30 ദിവസത്തിനകം അപ്പീൽ സമർപ്പിക്കാവുന്നതാണ്.

07/05/2023

യു.കെ.ഷാജഹാൻ
സ്റ്റേഷൻ ഹൗസ് ഓഫീസർ
കുന്നംകുളം പോലീസ് സ്റ്റേഷൻ
07.05.2023

Scanned with OKEN Scanner

ഭരണഭാഷ - മാതൃഭാഷ

# പോലീസ് വകുപ്പ്

കേരളം

**Time Limit**

**No. G1(a)-67467/2024/RC**
സിറ്റി പോലീസ് ഓഫീസ്,
തൃശ്ശൂർ
✉cptsr.pol@kerala.gov.in
☏04872423511
തീയതി. 27-11-2024

പ്രേഷകൻ

**അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ് &**
സ്റ്റേറ്റ് പബ്ലിക് ഇൻഫൊർമേഷൻ ഓഫീസർ,
ജില്ലാ പോലീസ് ഓഫീസ്, തൃശ്ശൂർ സിറ്റി.

സ്വീകർത്താവ്

**സുജിത് വി എസ്,**
വലിയപറമ്പിൽ ഹൗസ്,
കാണിപ്പയ്യൂർ - 680 517.

സർ ,

വിഷയം : ശ്രീ സുജിത് വി എസ് സമർപ്പിച്ച വിവരാവകാശ അപേക്ഷ - കുന്നംകുളം പോലീസ് സ്റ്റേഷനിലെ 06.04.2023 തീയ്യതിയിലെ CCTV ദൃശ്യങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച്.

സൂചന : 25-11-2024 തിയ്യതി രേഖപെടുത്തി 29.10.2024 തിയ്യതി ഈ ഓഫീസിൽ ലഭിച്ച വിവരാവകാശ അപേക്ഷ.

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

മേൽ സൂചന പ്രകാരമുള്ള താങ്കളുടെ വിവരാവകാശ അപേക്ഷ ഈ ഓഫീസിൽ ലഭിച്ചിട്ടുള്ളതാണ്. ആയതിനുള്ള മറുപടി താഴെ ചേർക്കുന്നു.

**ക്രമ നമ്പർ 1.** തൃശ്ശൂർ സിറ്റി അഡീഷണൽ എസ് പി യുടെ 26.05.2024 തിയ്യതിയിലെ കത്തിലെ നിർദേശ പ്രകാരം, ടെലികമ്യൂണിക്കേഷൻ വിഭാഗം കൈമാറിയ CCTV ദൃശ്യങ്ങൾ തൃശ്ശൂർ ജില്ലാ പോലീസ് ടെലികമ്യൂണിക്കേഷൻ പ്രിസെർവ് ചെയ്ത് ആയത് സൈബർ സെല്ലിൽ സൂക്ഷിച്ചു വരുന്നുണ്ട്. അഡീഷണൽ എസ് പി യുടെ 26.05.2024 തിയ്യതിയിലെ കത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഇതോടൊപ്പം അയക്കുന്നു.

**ക്രമ നമ്പർ 2.** കുന്നംകുളം പോലീസ് സ്റ്റേഷനിൽ നിന്നും ശേഖരിച്ച് പ്രിസർവ്വ് ചെയ്ത് സൂക്ഷിച്ചു വരുന്നു എന്ന് പറയുന്ന CCTV ദൃശ്യങ്ങൾ, കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടല്ല പ്രിസർവ് ചെയ്ത് ശേഖരിച്ചിട്ടുള്ളത്. ആയതിനാൽ കുന്നംകുളം സ്റ്റേഷനിലെ ദൃശ്യങ്ങൾ തന്നെയാണോ എന്ന് ആധികാരികമായി സ്ഥിരീകരിക്കാൻ സാധ്യമല്ലാത്തതിനാൽ ആയത് കൈമാറാൻ നിർവ്വാഹമില്ല എന്നറിയിക്കുന്നു.

താങ്കൾക്ക് ഈ മറുപടിയിൽ ആക്ഷേപമുള്ള പക്ഷം അപ്പീൽ സമർപ്പിക്കാവുന്നതാണ്.
ഈ ഓഫീസിലെ അപീൽ അധികാരി:
ജില്ല പോലീസ് മേധാവി, ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം, തൃശ്ശൂർ സിറ്റി, പിൻ -680001 .
അപ്പീൽ കാലാവധി: 30 ദിവസം

വിശ്വസ്തതയോടെ

Sasidharan K A
**അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ് (ic)**

KL 5134525601N

From,
Sujith. V.S
Valiyuparambil (H)
Karipayyur - 680517

RTI Urgent

29 OCT 2024

5 रु. COURT FEE Rs. 5 भारत INDIA पाँच रुपये FIVE RUPEES

5 रु. COURT FEE Rs. 5 भारत INDIA पाँच रुपये FIVE RUPEES

To,
The Public Information officer
Cyber Cell officer in charge
Cyber Cell, Thrissur City

വിഷയം: വിവരാവകാശ നിയമം 2005 പ്രകാരം നൽകുന്ന അപേക്ഷ.

സൂചന: NO 41/ADSP/2023/RC

സർ,

1 -> മേൽ സൂചന പ്രകാരം 26/5/23 ന് ബഹു: അഡി: SP യുടെ ഉത്തരവ് പ്രകാരം Inspector of Police Telecommunication അവരുടെ ഓഫീസിൽ 6/4/23 തീയതിയിലെ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ CCTV ദൃശ്യങ്ങൾ ഏൽപ്പിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനോടൊപ്പം നൽകിയ കത്തുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

2 -> മേൽ സൂചന പ്രകാരം അവരുടെ ഓഫീസിൽ സൂക്ഷിക്കാൻ ഏൽപ്പിച്ച CCTV ദൃശ്യങ്ങൾ അനുവദിച്ചു തരുവാൻ താല്പര്യപ്പെടുന്നു

3 - മേൽ CCTV ദൃശ്യങ്ങൾ എനിക്ക് അനുവദിക്കുവാൻ ബഹു: വിവരാവകാശ കമ്മീഷൻ ഉത്തരവായിട്ടുണ്ട്. ഞാൻ മേൽവിഷയത്തിലെ പരാതിക്കാരനാണ്. ബഹു: സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.

25/10/24

എന്ന്
സുജിത്ത്. വി.എസ്

അനുബന്ധം (2)

ഭരണഭാഷ - മാതൃഭാഷ

# പോലീസ് വകുപ്പ്

# കേരളം

**No. G1(a)-64379/2023/RC**
സിറ്റി പോലീസ് ഓഫീസ്,
തൃശ്ശൂർ
✉cptsr.pol@kerala.gov.in
✆04872423511
തീയതി. 27-12-2023

പ്രേഷകൻ

**അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ് &**
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ല പോലീസ് ഓഫീസ്,
തൃശ്ശൂർ സിറ്റി.

സ്വീകർത്താവ്

**Sri. Sujith V S,**
Valiyaparambil Veedu,
Kanippayyur -680517,
Kunnamkulam.

സർ,,

വിഷയം : വിവരാവകാശനിയമം 2005, പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കുന്നത് സംബന്ധിച്ച്.

സൂചന : 23.11.2023 തിയ്യതി രേഖപ്പെടുത്തി സമർപ്പിച്ച വിവരാവകാശനിയമ പ്രകാരമുള്ള അപേക്ഷ (29.11.2023 തിയ്യതി ഈ ഓഫീസിൽ ലഭിച്ചത്).

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു.

താങ്കൾ വിവരാവകാശനിയമപ്രകാരം സമർപ്പിച്ച അപേക്ഷ മേൽ സൂചന പ്രകാരം ഈ ഓഫീസിൽ ലഭിച്ചിട്ടുള്ളതാണ്. ടി അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ/രേഖകൾക്കുള്ള മറുപടി താഴെ ചേർക്കുന്നു.

1. കുന്ദംകുളം പോലീസ് സ്റ്റേഷനിലെ 06.04.2023 തീയതിയിലെ CCTV ദൃശ്യങ്ങൾ അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ്, തൃശ്ശൂർ സിറ്റിയുടെ നിർദ്ദേശ പ്രകാരം ജില്ലാ പോലീസ് ടെലി കമ്മ്യൂണിക്കേഷൻ ഉദ്യോഗസ്ഥർ പ്രിസർവ് ചെയ്ത് തൃശ്ശൂർ സിറ്റി സൈബർ സെല്ലിൽ സൂക്ഷിച്ച് വരുന്നുണ്ട് .
2. കുന്ദംകുളം പോലീസ് സ്റ്റേഷനിലെ 06.04.2023 തീയതിയിലെ CCTV ദൃശ്യങ്ങൾ ആണ് താങ്കൾ ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ ഇക്കാര്യത്തെ സംബന്ധിച്ച് കുന്ദംകുളം പോലീസ് സ്റ്റേഷനിൽ അന്വേഷിച്ചതിൽ ഇതേ ആവശ്യം ഉന്നയിച്ച് താങ്കൾ കുന്ദംകുളം പോലീസ് സ്റ്റേഷനിൽ സമർപ്പിച്ച വിവരാവകാശ നിയമ അപേക്ഷയുടെ മറുപടി പരിശോധിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം 05.04.2023 തിയ്യതി 23.52 മണിക്ക് കുന്നംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം 430/2023 U/s 8 r/w 7 of POCSO Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, 06.04.2023 തിയ്യതി പ്രസ്തുത കേസിനോടനുബന്ധിച്ചുള്ള നടപടിക്രമങ്ങൾ പോലീസ് സ്റ്റേഷേനിൽ നടന്നുകൊണ്ടിരിക്കുകയുമായിരുന്നു . ആയതിനാൽ

താങ്കൾ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട 06.04.2023 തിയ്യതിയിലെ സി സി ടി വി ദൃശ്യങ്ങളുടെ പകർപ്പിൽ പ്രസ്തുത കേസിനോടനുബന്ധിച്ചുള്ള നടപടിക്രമങ്ങളിൽ ഉൾപ്പെട്ടിരുന്ന വ്യക്തികളുടേയും മറ്റും വിവരങ്ങൾ ഉൾപ്പെടുന്നതിനും, തന്മൂലം പ്രസ്തുത കേസിൻറെ വിവരങ്ങളും, അതിജീവിതയുമായി ബന്ധപ്പെട്ട വിവരങ്ങളും പുറത്ത് പോവുന്നതിന് ഇടയാക്കും എന്നതിനാലും ആയത് POCSO നിയമത്തിൻറെ 23 24(5) വകുപ്പുകളിലെ നിർദ്ദേശങ്ങളുടേയും, ബാല നീതി നിയമം 74(2) വകുപ്പിലെ നിർദ്ദേശങ്ങളുടേയും, ഇതിനെ സംബന്ധിച്ച് ബഹു.സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നമ്പർ : 06/2016 ലെ നിർദ്ദേശങ്ങളുടേയും ലംഘനം ആകും എന്നുള്ള ഉത്തമ വിശ്വാസത്തിൽ താങ്കൾ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമം സെക്ഷൻ 8(b)(g)(j) പ്രകാരം ആയത് നൽകുവാൻ നിർവാഹമില്ല എന്നുള്ള വിവരം അറിയിക്കുന്നു.

താങ്കൾക്ക് ഈ മറുപടിയിൽ ആക്ഷേപമുള്ള പക്ഷം അപ്പീൽ സമർപ്പിക്കാവുന്നതാണ്.
ഈ ഓഫീസിലെ അപ്പീൽ അധികാരി:
ജില്ലാ പോലീസ് മേധാവി, ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം,തൃശ്ശൂർ സിറ്റി, പിൻ -680001 .
അപ്പീൽ കാലാവധി:30 ദിവസം

വിശ്വസ്തതയോടെ

ബിജു കെ സ്റ്റീഫൻ
അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ്
For Commissioner of Police

അനുബന്ധം (2)

No.19/PTN/DCRB/23/RC

അസി.പോലീസ് കമ്മീഷണറുടെ കാര്യാലയം,
ഡി.സി.ആർ.ബി, തൃശ്ശൂർ സിറ്റി. തിയതി 15.05.23.
ഫോൺ നമ്പർ 04872-2422332,9497990082
Email ID acpdcrbtsrcity.pol@kerala.gov.in

പ്രേഷകൻ

അസി.പോലീസ് കമ്മീഷണർ,
ഡിസ്ട്രിക്റ്റ് ക്രൈം റിക്കാർഡ്സ് ബ്യൂറോ,
തൃശ്ശൂർ സിറ്റി

സ്വീകർത്താവ്

ബഹു.ജില്ലാ പോലീസ് മേധാവി,
തൃശ്ശൂർ സിറ്റി

സർ

വിഷയം : ശ്രീ. സുജിത്ത് എന്നവരുടെ പരാതി തൃശ്ശൂർ സിറ്റി പോലീസ് മേധാവി അവർകളുടെ നിർദ്ദേശ പ്രകാരം അന്വേഷണം നടത്തിയതിന്റെ റിപ്പോർട്ട് സമർപ്പണം - സംബന്ധിച്ച്

സൂചന : No. 817/camp/ptn/DPC-city/2023 dtd 12.04.23

മേൽ സൂചന വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ശ്രീ. സുജിത്ത് 27 വയസ്സ് s/o സുരേഷ്, വലിയപറമ്പിൽ ഹൗസ്, കാണിപ്പയ്യൂർ ദേശം, കാണിപ്പയ്യൂർ വില്ലേജ്, തൃശ്ശൂർ ജില്ല എന്നയാൾ സൂചന നമ്പർ പ്രകാരം സമർപ്പിച്ച പരാതി അന്വേഷിക്കുന്നതിനും അനന്തര നടപടികൾക്കുമായി എനിക്ക് അയച്ചു തന്നിട്ടുള്ളതും അന്വേഷണ ഭാഗമായി പരാതിക്കാരന്റെയും പരാതിക്കാരനെ കാണിപ്പയ്യൂരിൽ നിന്നും പോലീസ് കൊണ്ടുവരുന്ന സമയത്ത് സ്ഥലത്ത് ഉണ്ടായിരുന്ന പരാതിക്കാരന്റെ സുഹൃത്തിന്റെയും മൊഴികൾ രേഖപ്പെടുത്തിയും കന്നംകുളം പോലീസ് സ്റ്റേഷനിൽ പരാതിക്കാരനെ കൊണ്ടുവന്ന സമയം മുതൽ ബഹു.കോടതിയിൽ ഹാജരാക്കുന്നതിന് വേണ്ടി കൊണ്ടുപോകുന്ന സമയം വരെയുള്ള കുന്നംകുളം പോലീസ് സ്റ്റേഷനിലെ CCTV ക്യാമറയിലെ CCTV Footage ഉം പരാതിക്കാരനെതിരെ കുന്നംകുളം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തു കേസിന്റെ FIR ഉം പരിശോധിച്ചും മറ്റും അന്വേഷണം നടത്തിയിട്ടുള്ളതാണ്.

പരാതി പരിശോധിച്ചതിൽ പരാതിക്കാരൻ യൂത്ത് കോൺഗ്രസ്സിന്റെ ചൊവ്വന്നൂർ മണ്ഡലം പ്രസിഡന്റ് ആണെന്നും പരാതിക്കാരന്റെ സുഹൃത്തുക്കളായ

സനീഷ്, അജിത്ത് എന്നിവരെ പരാതിക്കാരൻെറ വീടിനടുത്തുള്ള പറമ്പിൽ വെച്ച് പോലീസ് ചോദ്യം ചെയ്യുന്ന വിവരം അറിഞ്ഞ് സ്ഥലത്ത് എത്തിയ പരാതിക്കാരൻ സംഭവത്തെ കുറിച്ച് സ്ഥലത്തുണ്ടായിരുന്ന കുന്നംകുളം പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറോട് ചോദിച്ചുവെന്നും ടി സമയം സബ് ഇൻസ്പെക്ടർ പരാതിക്കാരൻെറ ഷർട്ട് വലിച്ചു കീറിയപ്പോൾ ആയതിനെ പറ്റി വീണ്ടും ചോദിച്ച പരാതിക്കാരനെ സബ് ഇൻസ്പെക്ടറും ഡ്രൈവർ സുഹൈറും കൂടി ദേഹോപദ്രവം ഏൽപ്പിച്ച് പോലീസ് ജീപ്പിൽ കയറ്റി പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോയിയെന്നും പോകുന്ന വഴിയിൽ കുന്നംകുളം പോലീസ് സ്റ്റേഷൻ എത്തുന്നതിന് മുമ്പ് കുന്നംകുളം പോലീസ് സ്റ്റേഷനിലെ സീനിയർ സിവിൽ പോലീസ് ഓഫീസർ ശശീധരൻ പരാതിക്കാരനെ ജീപ്പിൽ വെച്ച് ദേഹോപദ്രവം ഏൽപ്പിച്ചുവെന്നും പോലീസ് സ്റ്റേഷനിൽ എത്തിയ പരാതിക്കാരനെ എതിർകക്ഷികളായ സബ് ഇൻസ്പെക്ടറും SCPO ശശീധരൻ, CPO മാരായ സന്ദീപ്, സജീവൻ, സുഹൈർ എന്നിവർ ചേർന്ന് ദേഹോപദ്രവം ഏൽപ്പിച്ചുവെന്നും എതിർകക്ഷികൾ ഉപദ്രവിച്ചതിൽ ഇടതു ചെവിയുടെ ഡ്രം പൊട്ടിയെന്നും പരാതിക്കാരനെതിരെ പോലീസ് കേസ് എടുത്തുവെന്നും ബഹു.കോടതിയിൽ ഹാജരാക്കിയ പരാതിക്കാരന് ബഹു.കോടതി ജാമ്യം നൽകിയെന്നും പോലീസ് ഉപദ്രവിച്ചുവെന്ന് ബഹു.കോടതിയോട് പറഞ്ഞ പ്രകാരം ബഹു. കോടതിയുടെ നിർദ്ദേശ പ്രകാരം പരാതിക്കാരനെ ആദ്യം ചാവക്കാട് താലൂക്ക് ആശുപത്രിയിലേക്കും തുടർന്ന് തൃശ്ശൂരിലെ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലേക്കും ചികിൽസക്കായി പോലീസ് കൊണ്ടുപോയെന്നും വേദന കൂടുതൽ ആയ കാരണം കുന്നംകുളത്തുള്ള മലങ്കര ആശുപത്രിയിൽ പരാതിക്കാരൻ അഡ്മിറ്റായെന്നും 4 ദിവസം മലങ്കര ഹോസ്പറ്റലിൽ കിടന്നുവെന്നും മറ്റും പറഞ്ഞിട്ടുള്ളതാണ്.

മേൽ കാര്യത്തിന് പരാതിക്കാരനെ കണ്ട് ചോദിച്ച് മൊഴി രേഖപ്പെടുത്തിയിട്ടുള്ളതും പരാതിക്കാരൻ പരാതിയിൽ പറഞ്ഞ കാര്യം ആവർത്തിച്ച് പറഞ്ഞിട്ടുള്ളതും കൂടാതെ 02.04.23 തിയ്യതി വീടിനടുത്തുള്ള ഐനിക്കളങ്ങര അമ്പലത്തിലെ പൂരം ആയിരുന്നുവെന്നും പൂരത്തിൻെറ കണക്കുകൾ നോക്കുന്നതിനും പൂരത്തിനെടുത്ത ഫോട്ടോകൾ നോക്കുന്നതിനും വേണ്ടിയാണ് 05.04.23 തിയ്യതി ടിയാൻെറ വീടിനടുത്തുള്ള പറമ്പിൽ വൈകീട്ട് എട്ടരമണിയോടെ പോയതെന്നും പറമ്പിൽ കമ്മിറ്റി അംഗങ്ങളായ സനീഷ്, അജിത്ത്, സജീഷ്, വൈഷ്ണവ്, വിഷ്ണു, സുഖിൽ എന്നിവരും കൂടാതെ സജീഷിൻെറ രണ്ട് കൂട്ടുകാരും ഉണ്ടായിരുന്നുവെന്നും കണക്കുകൾ നോക്കിയതിന് ശേഷം വന്നവർക്ക് ഭക്ഷണം കൊണ്ടുവരുന്നതിന് ഹോട്ടലിൽ വിളിച്ച് പറഞ്ഞ് ടിയാൻ വീട്ടിലേക്ക് പോയെന്നും കുറച്ചു കഴിഞ്ഞ് പോലീസ് വന്ന വിവരം സനീഷ് ടിയാനെ ഫോൺ വിളിച്ച് പറഞ്ഞ പ്രകാരം ടിയാൻ സ്ഥലത്ത് ചെന്നുവെന്നും കുന്നംകുളം

പോലീസ് സ്റ്റേഷനിലെ SI നഷൊൻ , ഡ്രൈവർ സുഹൈർ എന്നിവർ ജീപ്പുമായി സ്ഥലത്ത് നിൽക്കുന്നുണ്ടായിരുന്നുവെന്നും സനീഷ്, സജീഷ്, അജിത്ത്, വൈഷ്ണവ്, സജീഷിൻെറ രണ്ട് കൂട്ടുകാരും സ്ഥലത്ത് ഉണ്ടായിരുന്നുവെന്നും വിഷ്ണു, സുഖിൽ എന്നിവർ സ്ഥലത്ത് ഉണ്ടായിരുന്നില്ലെന്നും പോലീസ് സ്റ്റേഷനിൽ ആരോ വിളിച്ച് ആളുകൾ പറമ്പിൽ ഇരുന്ന് മദ്യപിക്കുന്നുണ്ടെന്ന് പറഞ്ഞിട്ടാണ് പോലീസ് വന്നതെന്ന് പറഞ്ഞുവെന്നും പോലീസ് വന്നതിനെ കുറിച്ച് ചോദിച്ച ടിയാനോട് SI തട്ടി കയറിയെന്നും നേതാവ് കളിക്കണ്ടയെന്നും 112 ൽ ആരോ വിളിച്ച് പറഞ്ഞാണ് വന്നതെന്നും SI പറഞ്ഞുവെന്നും SI ടിയാൻെറ കൂട്ടുക്കാരോട് സംസാരിച്ചതിന് ശേഷം ടിയാനോട് ജീപ്പിൽ കയറുവാൻ പറഞ്ഞ് ബലമായി ടിയാനെ ജീപ്പിൽ കയറ്റി കൊണ്ടുപോയെന്നും സ്റ്റേഷനിൽ എത്തുന്നതിന് മുമ്പ് ഒനീറ ജംഗ്ഷനിടുത്ത് നിൽക്കുകയായിരുന്ന പോലീസുകാരനായ ശശീധരൻ ജീപ്പിൽ വെച്ച് പരാതിക്കാരനെ അടിച്ചുവെന്നും പോലീസ് സ്റ്റേഷനിലെത്തിയ സമയത്ത് പോലീസുകാരനായ സന്ദീപ് ജീപ്പിനടുത്തേക്ക് വന്ന് ജീപ്പിൽ നിന്ന് പരാതിക്കാരനെ ബലമായി പിടിച്ച് സ്റ്റേഷൻെറ അകത്തേക്ക് കൊണ്ടു പോയിയെന്നും സ്റ്റേഷൻെറ ഉള്ളിൽ വെച്ച് എതിർകക്ഷികളായ പോലീസ് ഉദ്യോഗസ്ഥർ ദേഹോപദ്രവം ഏൽപ്പിച്ചുവെന്നും കോടതിയിൽ ഹാജരാക്കിയ ടിയാന് ജാമ്യം നൽകിയെന്നും കോടതിയിൽ പോലീസ് ഉപദ്രവിച്ച കാര്യം പറഞ്ഞപ്പോൾ കോടതിയുടെ ഉത്തരവ് പ്രകാരം ചാവക്കാട് താലൂക്ക് ഹോസ്പിറ്റലിലും മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലും ടിയാനെ കൊണ്ടു പോയെന്നും ഇടതു ചെവിയുടെ പാടക്ക് സ്ക്രാച്ച് ഉണ്ടെന്ന് ഡോക്ടർ പറഞ്ഞുവെന്നും പോലീസ് വിട്ടയച്ച ശേഷം കുന്നംകുളം മലങ്കര ഹോസ്പിറ്റലിൽ ടിയാൻ സുഖമില്ലാതെ 4 ദിവസം അഡ്മിറ്റായെന്നും മറ്റും പറഞ്ഞിട്ടുള്ളതാണ്.

ഈ കേസിലെ പരാതിക്കാരനെ പോലീസ് കൂട്ടി കൊണ്ടുവരുന്ന സമയത്ത് സ്ഥലത്തുണ്ടായിരുന്ന പരാതിക്കാരൻെറ കൂട്ടുക്കാരനും നാട്ടുക്കാരനുമായ വൈഷ്ണവിനോട് ചോദിച്ചതിൽ പരാതിക്കാരനെ പോലീസ് കൂട്ടി കൊണ്ടു പോകുന്ന സമയത്ത് ടിയാൻ സ്ഥലത്ത് ഉണ്ടായിരുന്നുവെന്നും ടി സമയത്ത് പോലീസ് പരാതിക്കാരനെ ഉപദ്രവിച്ചില്ലെന്നും ടിയാനും കൂട്ടുക്കാരും സ്ഥലത്ത് ഇരുന്ന് മദ്യപിച്ചില്ലെന്നും മറ്റും പറഞ്ഞിട്ടുള്ളതാണ്.

പരാതിക്കാരനെതിരെ കുന്നംകുളം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 231/23 u/s 224,332,353,427 IPC & Sec.15(c) of Abkari Act കേസിൻെറ FIR പരിശോധിച്ചതിൽ കുന്നംകുളം പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ നഷൊൻ CPO 8353 സുഹൈർ എന്നിവർ ഒന്നിച്ച് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട സ്ഥലങ്ങളിൽ സഞ്ചരിച്ച് വരവെ കാണിപ്പയ്യൂർ ഭാഗത്ത് പൊതുസ്ഥലത്ത് ആളുകൾ സംഘമായി

ഇരുന്ന് മദ്യപിക്കുന്നതായി വിവരം ലഭിച്ചതനുസരിച്ച് സ്ഥലത്ത് എത്തിയ പോലീസ് മദ്യപിച്ചു കൊണ്ടിരുന്ന മൂന്ന് പേരെ ജീപ്പിൽ കയറ്റിയതിന് ശേഷം മദ്യപിച്ചിരുന്ന മൂന്ന് പേരുടെയും വിവരങ്ങൾ ചോദിച്ചു മനസ്സിലാക്കുന്ന സമയത്ത് സ്ഥലത്ത് വന്ന പരാതിക്കാരൻ കസ്റ്റഡിയിൽ എടുത്ത പ്രതികളെ ജീപ്പിൽ നിന്നും ഇറക്കിവിടുകയും തടയാൻ ശ്രമിച്ച SIയെ കയ്യേറ്റം ചെയ്തതിൽ SI യുടെ കൈക്ക് പരിക്ക് പറ്റിയിട്ടുള്ളതും കയ്യിൽ കിടന്നിരുന്ന വാച്ച് പൊട്ടി 5000 രൂപ നാശനഷ്ടം സംഭവിച്ചതിനും പരാതിക്കാരനെ 06.04.23 തിയ്യതി 00.15 മണിക്ക് അറസ്റ്റ് ചെയ്ത് പരാതിക്കാരനെ കൂട്ടി പോലീസ് സ്റ്റേഷനിൽ വരുന്ന വഴിയിൽ SI കുന്നംകുളം പോലീസ് സ്റ്റേഷനിൽ ചികിൽസ തേടിയതിന് ശേഷം പോലീസ് സ്റ്റേഷനിൽ ഹാജരായി 06.04.23 തിയ്യതി 02.24 മണിക്ക് ഈ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

ഈ കേസിലെ പരാതിക്കാരനെ കുന്നംകുളം പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുവരുന്ന സമയം മുതൽ ബഹു.കോടതിയിൽ ഹാജരാക്കുന്ന സമയം വരെയുള്ള കുന്നംകുളം പോലീസ് സ്റ്റേഷനിലെ CCTV ക്യാമറയിലെ CCTV Footage പരിശോധിച്ചിട്ടുള്ളതും ആയതിൽ താഴെ പറയുന്ന വീഡിയോകൾ കണ്ടിട്ടുള്ളതുമാണ്.

1. **05.04.23 തിയ്യതി 23.25 മണിക്ക് SI നുഹ്മാൻ, ഡ്രൈവർ CPO സുഹൈർ എന്നിവർ പരാതിക്കാരനെ കൂട്ടി പോലീസ് ജീപ്പിൽ കുന്നംകുളം പോലീസ് സ്റ്റേഷനിലേക്ക് വരുന്നു.**
2. **പോലീസ് ജീപ്പ് കുന്നംകുളം പോലീസ് സ്റ്റേഷനിലേക്ക് വരുമ്പോൾ ടി സമയത്ത് ജി.ഡി ചാർജായ SCPO 5966 ശശിധരൻ റോഡിൽ നിന്നും നടന്ന് കുന്നംകുളം പോലീസ് സ്റ്റേഷനിലേക്ക് വരുന്നു.**
3. **പരാതിക്കാരനെ പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുവരുമ്പോൾ പോലീസ് സ്റ്റേഷന്റെ മുമ്പിൽ CPO 7998 സന്ദീപ് നിൽക്കുന്നു**
4. **പോലീസ് ജീപ്പിന്റെ പുറകുവശത്തെ ഡോർ തുറന്ന് ഇറക്കിയ പരാതിക്കാരനെ CPO സന്ദീപ് പിടിച്ച് കൊണ്ട് പോലീസ് സ്റ്റേഷനിലേക്ക് പോകുന്നു. കൂടെ SI യും ഡ്രൈവർ സുഹൈറും SCPO ശശീധരനും പോകുന്നു.**
5. **06.04.23 തിയ്യതി 00.25 മണിക്ക് SI നുഹ്മാൻ , SCPO ശശിധരൻ, CPO 7998 സന്ദീപ്, CPO 7161 സജീവൻ, ഡ്രൈവർ സുഹൈർ എന്നിവർ പരാതിക്കാരനെ കൂട്ടി CCTNS റൂമിലേക്ക് വരുന്നു. CCTNS റൂമിൽ കയറ്റുന്നതിന് മുമ്പ് CPO മാരായ സന്ദീപ്, സജീവൻ എന്നിവർ പരാതിക്കാരനെ മർദ്ദിക്കുന്നു.**
6. **പരാതിക്കാരനെ CCTN റൂമിലേക്ക് കൊണ്ടു പോകുന്നു.**

7. **CCTNS റൂമിൽ കയറ്റിയ പരാതിക്കാരനെ SI നൗഷാദും CPO മാരായ സന്ദീപും സജീവനും അടിക്കുന്നു. സന്ദീപ്, പരാതിക്കാരൻെറ മാല ഊരി വാങ്ങുന്നു. ശശീധരൻ വന്ന് പരാതിക്കാരൻെറ മോതിരവും ബ്രേസ് ലെറ്റും ഊരി വാങ്ങുന്നു.**
8. **CCTNS റൂമിൽ നിന്ന് ശശി പരാതിക്കാരനെ കൊണ്ട് പോകുന്നു. കൂടെ SI യും ഡ്രൈവർ സുഹൈറും പോകുന്നു. സജീവൻ ചൂരലെടുത്ത് കൂടെ പോകുന്നു.**

ഈ കേസിലെ പരാതിക്കാരൻെറ മൊഴിയിൽ പരാതിക്കാരൻെറ വീടിനടുത്തുള്ള പറമ്പിൽ വെച്ച് പരാതിക്കാരനെ പോലീസ് ജീപ്പിൽ കയറ്റുമ്പോൾ SI യും ഡ്രൈവർ സുഹൈറും ദേഹോപദ്രവം ഏൽപ്പിച്ചുവെന്ന് പറയുന്നു. എന്നാൽ ടി സമയം സ്ഥലത്തുണ്ടായിരുന്ന പരാതിക്കാരൻെറ സുഹൃത്തായ വൈഷ്ണവിൻെറ മൊഴിയിൽ പരാതിക്കാരനെ പോലീസ് ഉപദ്രവിച്ചതായി കണ്ടിട്ടില്ലെന്നാണ് പറഞ്ഞിട്ടുള്ളതാണ്.

പോലീസ് ജീപ്പിൽ പരാതിക്കാരനെ കയറ്റി കുന്നംകുളം പോലീസ് സ്റ്റേഷനിലേക്ക് വരുമ്പോൾ സ്റ്റേഷനടുത്തുള്ള ഒനീറ എന്ന സ്ഥലത്ത് വെച്ച് SCPO ശശീധരൻ പരാതിക്കാരനെ ഉപദ്രവിച്ചതായി പറയുന്നു. കുന്നംകുളം പോലീസ് സ്റ്റേഷനിലെ CCTV Footage പരിശോധിച്ചപ്പോൾ കുന്നംകുളം പോലീസ് സ്റ്റേഷനിലേക്ക് പരാതിക്കാരനെ കൂട്ടി പോലീസ് ജീപ്പിൽ വരുമ്പോൾ ടി ദിവസം GD ചാർജ് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന SCPO ശശീധരൻ പോലീസ് സ്റ്റേഷൻെറ പുറത്ത് നിന്നും സ്റ്റേഷനിലേക്ക് നടന്നുവരുന്നതായി കണ്ടിട്ടുള്ളതാണ്. ആയതിനാൽ SCPO ശശീധരൻ പോലീസ് സ്റ്റേഷൻെറ പുറത്ത് വെച്ച് പരാതിക്കാരനെ ദേഹോപദ്രവം ഏൽപ്പിച്ചുവെന്ന കാര്യം സംഭവിക്കുവാൻ സാധ്യതയുള്ളതാണ്.

പോലീസ് സ്റ്റേഷനിൽ വെച്ച് SI നൗഷാദും CPO മാരായ സജീവും സന്ദീപും ഉപദ്രവിക്കുന്നതായി കുന്നംകുളം പോലീസ് സ്റ്റേഷനിലെ CCTV ക്യാമറകളിലെ CCTV Footage ദൃശ്യങ്ങൾ പരിശോധിച്ചതിൽ വ്യക്തമായിട്ടുള്ളതാണ്.

കുന്നംകുളം പോലീസ് സ്റ്റേഷനിൻെറ മുകളിലേക്ക് പരാതിക്കാരനെ കൊണ്ട് പോയി കുറ്റാരോപിതർ ദേഹോപദ്രവം ഏൽപ്പിച്ചുവെന്നും ചൂരലുകൊണ്ട് SCPO ശശീധരൻ അടിച്ചുവെന്നും പറയുന്നു. CCTV Footage പരിശോധിച്ചപ്പോൾ പരാതിക്കാരനെ CCTNS റൂമിൽ വെച്ച് കുറ്റാരോപിതർ അടിച്ചതിന് ശേഷം ടി റൂമിൽ നിന്ന് പരാതിക്കാരനെ SCPO ശശീധരൻ കൊണ്ട് പോകുന്നതും കൂടെ SI നൗഷാദും ഡ്രൈവർ സുഹൈറും പോകുന്നതും സന്ദീപ് ചൂരലെടുത്ത് പുറകെ പോകുന്നതും കാണുന്നുണ്ട്. കുന്നംകുളം പോലീസ് സ്റ്റേഷൻെറ മുകളിൽ CCTV ക്യാമറയില്ലാത്തതിനാൽ പരാതിക്കാരനെ പോലീസ് സ്റ്റേഷൻെറ മുകളിൽ വെച്ച് ഉപദ്രവിക്കുന്നതിൻെറ CCTV

Footage ലഭിച്ചിട്ടില്ലാത്തതാണ്. പരാതിക്കാരൻ പറയുന്ന പോലെ എതിർകക്ഷികൾ പോലീസ് സ്റ്റേഷൻെറ മുകളിൽ കൊണ്ടുപോയി പരാതിക്കാരനെ ദേഹോപദ്രവം ഏൽപ്പിക്കകയും ചൂരലുകൊണ്ട് അടിക്കകയും ചെയ്തതായി പറഞ്ഞിട്ടുള്ളത് സംഭവിക്കവാൻ സാധ്യതയുള്ളതാണ്.

പരാതിക്കാരനെയും പരാതിക്കാരൻെറ കൂടെയുണ്ടായിരുന്ന സാക്ഷിയേയും കണ്ട് ചോദിച്ചതിലും കുന്നംകുളം പോലീസ് സ്റ്റേഷനിലെ CCTV ക്യാമറയിലെ ലഭ്യമായ CCTV Footage കൾ പരിശോധിച്ചതിലും. പരാതിക്കാരനെതിരെ കുന്നംകുളം പോലീസ് സ്റ്റേഷനിൽ റിപ്പോർട്ടായ ക്രൈം 231/23 u/s 224,332,353,427 IPC & Sec.15(c) of Abkari Act കേസിൻെറ FIR പരിശോധിച്ചതിലും മറ്റും 05.04.23 തിയ്യതി രാത്രി കുന്നംകുളം പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ നഹാസും CPO സുഹൈറും കൂടി പോലീസ് സ്റ്റേഷൻ പരിധിയിൽ L/O പട്രോൾ നടത്തി വരവെ കുന്നംകുളം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കാണിപ്പയ്യൂർ ഭാഗത്ത് പൊതുസ്ഥലത്ത് സംഘം കൂടി ആളുകൾ മദ്യപിക്കുന്നതായി വിവരം ലഭിച്ചതനുസരിച്ച് സ്ഥലത്ത് എത്തിയ കുന്നംകുളം പോലീസ് പാർട്ടിയുടെ ഡ്യൂട്ടിക്ക് തടസ്സം സൃഷ്ടിച്ച് SI യുടെ കൈ തിരിച്ചും വാച്ചിന് കേടുവരുത്തുകയും ചെയ്തുവെന്ന് പറയുന്ന പരാതിക്കാരനെ അറസ്റ്റ് ചെയ്ത് കുന്നംകുളം പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടു വന്ന് എതിർകക്ഷികൾ ദേഹോപദ്രവമേല്പിച്ചിട്ടുള്ളതായി വ്യക്തമായിട്ടുള്ളതാണ്.

സവിനയം

(ഒപ്പ്)

സേതു.കെ.സി,
അസി. പോലീസ് കമ്മീഷണർ,
ഡിസ്ട്രിക്റ്റ് ക്രൈം റിക്കാർഡ്സ് ബ്യൂറോ,
തൃശ്ശൂർ സിറ്റി. 15.05.23.

ഉള്ളടക്കം :

1. അയച്ചു തന്ന പരാതി
2. പരാതിക്കാരൻെറ മൊഴി
3. പരാതിക്കാരൻെറ സുഹൃത്ത് വൈഷ്ണവിൻെറ മൊഴി
4. പരാതിക്കാരനെതിരെ രജിസ്റ്റർ ചെയ്ത കേസ്സിൻെറ FIR ൻെറ പകർപ്പ്.